പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **4568** 22.07.2015-ൽ മറുപടിക്ക്

## വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>" സി. കൃഷ്ണൻ :<br>" പുരുഷൻ കടലുണ്ടി : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യുടെ വാണിജ്യ സമുച്ചയങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് വിശദമാക്കാമോ; ഏതെല്ലാം സ്ഥലങ്ങളിലായിരുന്നു വാണിജ്യ സമുച്ചയ പദ്ധതികൾ ആവിഷ്കരിച്ചിരുന്നത്; അവ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണ് ; ഓരോ പദ്ധതിക്കും ലക്ഷ്യമിട്ടിരുന്ന തുക എത്ര ; ഇതിനകം ചെലവായതെത്ര: | (എ) | തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ ബി.ഒ.ടി പ്രോജക്ടുകൾ ഉൾപ്പെടെ 59 ഡിപ്പോകളിൽ രണ്ട് ഘട്ടങ്ങളിലായി ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇവയിൽ കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നിവ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചു വരുന്നു നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ സ്ഥലങ്ങളിൽ പണി ഉടൻ പൂർത്തിയാകും. മൂവാറ്റുപുഴ, തൊടുപുഴ, നിലമ്പൂർ, കോട്ടയം എന്നിവിടങ്ങളിലെ പണി പുരോഗതിയിലാണ്. ഹരിപ്പാട്, പത്തനംതിട്ട പണി ആരംഭിച്ചു. പാലക്കാട്, പാലാ, കോട്ടയം എന്നിവിടങ്ങളിൽ പണി നടത്തുവാനുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു. ബി.ഒ.ടി അടിസ്ഥാനത്തിൽ നിർമ്മാണം നടന്ന തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് ഇവ പൂർത്തിയാക്കിയിട്ടുണ്ട്. അങ്കമാലിയിൽ നിന്നുള്ള വരുമാനത്തിന്റെ പങ്ക് കെ.എസ്.ആർ.ടി.സി.യ്ക്ക് ലഭിച്ചു തുടങ്ങിയിട്ടുണ്ട്. കാട്ടാക്കട, കാസർഗോഡ്, കൊട്ടാരക്കര എന്നീ വാണിജ്യ സമുച്ചയങ്ങളിൽ നിന്നും ലൈസൻസ് ഫീ വരുമാനം ലഭിച്ചു വരുന്നു. അവയുടെ പണിയ്ക്കായി ലക്ഷ്യമിട്ടിരുന്ന തുകയും ചെലവായ തുകയും ചുവടെ ചേർക്കുന്നു. |

| പദ്ധതി | ലക്ഷ്യമിട്ടിരുന്ന തുക (രൂപ) | ചെലവായ തുക (രൂപ) |
|---|---|---|
| തിരുവനന്തപുരം | 62,79,00,000 | 61,39,00,000 |
| തിരുവല്ല | 41,38,00,000 | 35,48,00,000 |
| അങ്കമാലി | 29,03,00,000 | 33,42,00,000 |
| കോഴിക്കോട് | 51,88,00,000 | 55,00,00,000 |
| കാസർഗോഡ് | 4,32,00,000 | 4,46,96,000 |
| കൊട്ടാരക്കര | 1,95,00,000 | 2,59,35,000 |
| കാട്ടാക്കട | 3,23,00,000 | 3,61,59,850 |

**തിരുവനന്തപുരം, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നീ പ്രോജക്ടുകളുടെ ഫൈനൽ ബിൽ തയ്യാറായിട്ടില്ല. ഫൈനൽ ബില്ലിന്റെ പേയ്മെന്റ് കഴിഞ്ഞാൽ മാത്രമേ യഥാർത്ഥ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ.**

| | | | |
|---|---|---|---|
| (ബി) | തമ്പാനൂർ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്തത് എല്ലാ പ്രവൃത്തികളും പൂർത്തീയാക്കിയതിനു ശേഷമായിരുന്നുവോ; ഉദ്ഘാടനത്തിനുശേഷം നടന്ന പ്രവൃത്തികളും ചെലവും സംബന്ധിച്ച് വിശദമാക്കാമോ; | (ബി) | **ഏറെക്കുറെ എല്ലാ പ്രവർത്തികളും പൂർത്തിയാക്കിയതിനു ശേഷമാണ് ഉദ്ഘാടനം ചെയ്തത്. ഉദ്ഘാടനത്തിനുശേഷം യാർഡിൽ കോബിൾ സ്റ്റോൺ പാകി, പെഡസ്ട്രിയൻ ബാരിയർ പണിതു, കൂടാതെ എൻട്രൻസിലും എക്സിറ്റിലും കോമ്പൗണ്ട് വാൾ, റിസർവേഷൻ കൗണ്ടർ, സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ്, ഗ്രൗണ്ട് ഫ്ളോറിൽ ടോയ്ലെറ്റ്, പോലീസ് എയ്ഡ് പോസ്റ്റ്, ലേഡീസ് കാബിൻ, തമിഴ്നാട്, കർണാടക ആർ.റ്റി.സി.കൾക്കു വേണ്ടിയുള്ള ടിക്കറ്റ് കൗണ്ടർ എന്നീ ജോലികളും ചെയ്തു. ഇതിനെല്ലാമായിട്ട് 4 കോടി രൂപ ചെലവായി.** |
| (സി) | തമ്പാനൂരിലെ ബഹുനില മന്ദിരത്തിന്റെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; പ്രസ്തുത മന്ദിരത്തിലെ മൊത്തം വാണിജ്യ സൗകര്യങ്ങളിൽ എത്ര ശതമാനം ഇപ്പോഴും ഉപയോഗിക്കപ്പെടാതെ കിടക്കുന്നുണ്ട്; അവ വാടകയ്ക്ക് | (സി) | **തമ്പാനൂരിലെ ബഹുനില മന്ദിരത്തിലെ 5% സ്ഥലം മാത്രമേ വാടകയ്ക്ക് എടുത്തിട്ടുള്ളൂ. ആവശ്യപ്പെട്ടിട്ടുള്ള സെക്യൂരിറ്റി തുക നൽകുവാൻ വ്യാപാരികൾ വിമുഖത കാണിക്കുന്നുണ്ട്. മാത്രമല്ല online trading-ന്റെ കടന്നുകയറ്റവും ഈ സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനുള്ള കാലതാമസത്തിന്റെ മറ്റൊരു കാരണമായി കരുതുന്നു. സർക്കാർ ഉത്തരവ്** |

| | |
|---|---|
| നൽകാൻ കഴിയാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ? | പ്രകാരം 10% വാടകയിൽ ഇളവ് നൽകിയും വാടകയിന്മേൽ ലേലം നടത്തി ലേലത്തിൽ ഉറപ്പിക്കുന്ന മാസവാടകയുടെ 12 മുതൽ 24 ഇരട്ടി മാത്രം സെക്യൂരിറ്റി തുകയായി ഒടുക്കിയും കടകൾ ലേലത്തിൽ പിടിക്കാനുള്ള ഒരു അവസരവും ടെൻഡറിലൂടെ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ